ഉത്തരം

(എ) ഉണ്ട്. വിജിലൻസ്, ലോകായുക്ത നിയമങ്ങളും നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി റിട്ടയേർഡ് ജസ്റ്റീസ് കെ. പി. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി.

(ബി&സി) ലോകായുക്ത ആക്ട് പരിഷ്കരിക്കുന്നത് സംബന്ധിച്ച് നിരവധി ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് ജസ്റ്റിസ് കെ. പി. ബാലചന്ദ്രൻ കമ്മിറ്റി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ടി ശിപാർശകളുടെയും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെയും അടിസ്ഥാനത്തിൽ കേരള ലോകായുക്ത നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബാർ കോഴ കേസ്

231 (237) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനമന്ത്രി ശ്രീ. കെ. എം. മാണി ബാറുടമകളിൽ നിന്നും കോഴ വാങ്ങിയെന്നതിന്റെ ശബ്ദരേഖ എന്ന് അവകാശപ്പെടുന്നതടക്കമുള്ള തെളിവുകൾ, ബാർ അസോസിയേഷൻ വർക്കിംങ് പ്രസിഡന്റ് ബിജു രമേശ് വിജിലൻസിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ബിജു രമേശ് വാർത്താ സമ്മേളനം നടത്തി പ്രഖ്യാപിച്ച കാര്യങ്ങളെ കുറിച്ച് വിജിലൻസ് സംഘം അന്വേഷിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) എഡിറ്റ് ചെയ്ത ഒരു സി.ഡി.-യുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം പുരോഗമിക്കുന്നു.

ബാർ കോഴയും ബിജു രമേശിന്റെ ഫോൺ സംഭാഷണവും

232 (238) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണക്കടക്കാരിൽ നിന്നും അരിമില്ലുകാരിൽ നിന്നും ബേക്കറിക്കാരിൽ നിന്നുമുൾപ്പെടെ സംസ്ഥാന ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി കോടികൾ കോഴ വാങ്ങിയെന്നാരോപിച്ചുകൊണ്ടുള്ള മുൻമന്ത്രിയും യു.ഡി.എഫ് നേതാവുമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ബാർ അസോസിയേഷൻ പ്രസിഡന്റ് ബിജു രമേശും തമ്മിലുള്ള ഫോൺ സംഭാഷണം പുറത്ത് വന്നിട്ടുള്ളത് വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly